(ബി) അനെർട്ട് സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി കണ്ടെത്തിയിട്ടുള്ള ഈ 867 പ്രദേശങ്ങളുടെ ആകെ പ്രതീക്ഷിത ശേഷി 337 മെഗാവാട്ട് (30 % പ്ലാന്റ് ലോഡ് ഫാക്ടറിൽ) ആണ്.

(സി) സാധ്യതാ പഠനം, പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്, വിശദമായ ജിയോളജിക്കൽ പഠനങ്ങൾ എന്നിവ പൂർത്തിയാക്കിയ ശേഷം ഗവൺമെന്റ് അംഗീകാരവും ആവശ്യമെങ്കിൽ പരിസ്ഥിതി മന്ത്രാലയത്തിന്റെ ക്ലിയറൻസുകളും (Forest clearance and Envirbnmental clearance) ലഭിക്കുന്നതിനുള്ള നടപടികൾ എടുക്കേണ്ടതുണ്ട്.

(ഡി) നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്കേ കൃത്യമായ മെഗാവാട്ട് തിട്ടപ്പെടുത്താനാവൂ. വൈദ്യുതി ബോർഡ് ഐഡന്റിഫൈ ചെയ്ത പദ്ധതികൾ വഴി ഉദ്ദേശം പ്രതീക്ഷിക്കുന്നത് 1197 മെഗാവാട്ട് ആണ്. സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി 30% പ്ലാന്റ് ലോഡ് ഫാക്ടറിൽ 336 മെഗാവാട്ട് ഉത്പാദിപ്പിക്കാൻ കഴിയുമെന്ന് കരുതുന്നു.

(ഇ) വൈദ്യുത ബോർഡ് ഐഡന്റിഫൈ ചെയ്ത പദ്ധതികൾ എല്ലാം ബോർഡ് നേരിട്ട് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്) കെ.എസ്.ഇ.ബി ഓരോ വർഷവും നേരിട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്ക് മുൻഗണന നിശ്ചയിച്ചിട്ടുണ്ട്(prioritized scheme). ഇതനുസരിച്ച് 2010-11 കാലയളവിൽ 137.1 മെഗാ വാട്ടിന്റെ 15 പദ്ധതികൾ ടെണ്ടർ ചെയ്യാൻ ലക്ഷ്യമിടുന്നു. ഇപ്പോൾത്തന്നെ 235 മെഗാവാട്ടിന്റെ 6 പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ഇതിനുപുറമേ 123.55 മെഗാവാട്ടിന്റെ 8 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.

സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുവാനായി 61 പദ്ധതികൾ ഐഡന്റിഫൈ ചെയ്ത് സർക്കാർ തലത്തിൽ ടെണ്ടർ ചെയ്തിരുന്നു. ഇവയിൽ 41.15 മെഗാവാട്ടിന്റെ 11 പദ്ധതികൾ വിവിധ സ്വകാര്യ സംരംഭകർക്കായി ഇതിനകം അനുവദിച്ചു. ഇതിൽ 3 മെഗാവാട്ടിന്റെ ഇരുട്ടുകാനം പദ്ധതി ഈ സെപ്റ്റംബർ മാസത്തോടെ കമ്മീഷൻ ചെയ്യുവാൻ സാധിക്കും.

സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികൾ

143 (5548) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികൾ ഏതൊക്കെ ;

(ബി) ഇവ ഓരോന്നിന്റെയും ഉൽപ്പാദനശേഷി എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിർമ്മാണം തുടങ്ങിയ തീയതിയും ഓരോന്നിന്റെയും പ്രവൃത്തി എത്ര ശതമാനം പൂർത്തി ആയി എന്നും വ്യക്തമാക്കുമോ ;

(ഡി) ഓരോ പദ്ധതിക്കും എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്നാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ-ഡി)

പദ്ധതി	ഉത്പാദന ശേഷി	നിർമ്മാണം തുടങ്ങിയ തീയതി	ഇപ്പോഴത്തെ അവസ്ഥ	പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള കാലാവധി
1. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം	60 MW	9-3-2007	33% ജോലികൾ പൂർത്തിയായി	ജൂൺ 2012
2.തോട്ടിയാർ	40 MW	16-1-2009	സിവിൽ ജോലിയുടെ 2% പൂർത്തിയായി	ഡിസംബർ 2012
3. ചെങ്കുളം ഓഗ് മെന്റേഷൻ	85 MW	16-7-2009	ഏകദേശം 3% പൂർത്തിയായി	2013
4. റാന്നി-പെരുനാട്	4 MW	16-11-2008	ഏകദേശം 45% പൂർത്തിയായി	മാർച്ച് 2011
5.പൂഴിത്തോട്	4.8 MW	3-4-2009	ഏകദേശം 60% പൂർത്തിയായി	ഡിസംബർ 2010
6. ചാത്തൻകോട്ടുനട	6 MW	6-3-2010	പ്രാരംഭ ജോലികൾ പുരോഗമിക്കുന്നു.	31-3-2010
7. വിലങ്ങാട്	7.5 MW	8-3-2010	പ്രാരംഭ ജോലികൾ പുരോഗമിക്കുന്നു.	31-3-2010
8. പീച്ചി	1.25 MW	15-7-2010-ൽ എഗ്രിമെന്റ് വച്ചു	അനുബന്ധ ജോലികളുടെ നിർമ്മാണം പുരോഗമിക്കുന്നു	ഡിസംബർ2011

LIBRARY ARCHIVES Kerala Legislative Assembly